(ബി) ഒട്ടനവധി വിനോദസഞ്ചാരികൾ സന്ദർശനത്തിനായി വരുന്ന ഈ പ്രദേശം വേണ്ടരീതിയിൽ സംരക്ഷിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ട സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) മലയാറ്റൂർ ഡിവിഷനിലെ മുളംകുഴി വനസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ മഹാഗണി തോട്ടത്തിൽ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) വനസംരക്ഷണ സമിതി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ഉപഗ്രഹ സഹായത്തോടെ വനമേഖല അളന്ന് തിട്ടപ്പെടുത്തുന്ന സംവിധാനം

108 [3391] ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഗ്രഹങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തെ വനമേഖലയുടെ ആകെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും നൂതന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഉപഗ്രഹ സഹായത്തോടെ വനവിസ്തൃതി നിർണ്ണയിക്കുന്നതിനുള്ള കേന്ദ്ര ധനസഹായത്തോടുകൂടിയ ഒരു പദ്ധതിയെക്കുറിച്ച് ആലോചിച്ചുവരുന്നു.

ഒലിവേലിച്ചിറ വികസിപ്പിക്കുന്നതിന് നടപടി

109 [3392] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ കീഴിൽ വാഴച്ചാൽ ഡിവിഷനിൽ ഏഴാറ്റുമുഖം റേഞ്ചിൽ ഉൾപ്പെട്ട ഒലിവേലിച്ചിറ വികസിപ്പിക്കുന്നതിന് നാളിതുവരെ എന്തുതുക ചെലവാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ ഇനിയും എന്തുതുക ചെലവാക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തുക അനുവദിച്ച് ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly